# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 4061 — 16.12.2014-ന് മറുപടിക്ക്

### കഞ്ചിക്കോട് മേഖലയിലെ ഇരുമ്പുരുക്ക വ്യവസായ സ്ഥാപനങ്ങൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |

.....

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മേഖലയിൽ പ്രവർത്തിച്ച് വരുന്ന ഇരുമ്പുരുക്ക വ്യവസായ സ്ഥാപനങ്ങൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത് ; എന്നാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ട് ലഭിച്ചുവോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എ) ഉണ്ട്.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മേഖലയിലെ സ്റ്റീൽ യൂണിറ്റുകളിൽ നിന്നുള്ള മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് നിലവിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വേണ്ടത്ര മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കാനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി (ഡോ.ജി.സി.ശർമ്മ, അഡീഷണൽ ഡയറക്ടർ, കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, സൗത്ത് സോണൽ ഓഫീസ്) അദ്ധ്യക്ഷനായ ഒരു വിദഗ്ധ സമിതിയെ ബോർഡ് 2005-ൽ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ ശുപാർശകൾ അനുസരിച്ച് കഞ്ചിക്കോട് മേഖലയിലെ എല്ലാ ഇരുമ്പ്-ഉരുക്ക് വ്യവസായ ശാലകൾക്കും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും മലിനീകരണ നിയന്ത്രണത്തിനുതകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 7.11.2007-ൽ വ്യവസായ വകുപ്പ് ഡോ.എം.പി.സുകുമാരൻ നായർ (മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ) ഉൾപ്പെട്ട ഒരു മൂന്നംഗ സമിതി രൂപീകരിച്ചു. കഞ്ചിക്കോട് മേഖലയിൽ അയൺ ആന്റ് സ്റ്റീൽ വ്യവസായങ്ങൾ മൂലമുള്ള മലിനീകരണ പ്രശ്നങ്ങൾ പഠിക്കുന്നതിനും ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും വേണ്ടിയാണ് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയത്. ടി സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(contd.......2...)

| | |
|---|---|
| (ബി) കഞ്ചിക്കോട് വ്യവസായ മേഖലയിൽ എത്ര ഇരുമ്പുരുക്ക കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം; എതെല്ലാം ഇരുമ്പുരുക്ക കമ്പനികൾക്കാണ് പഞ്ചായത്ത് അനുമതി നിഷേധിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ ; | (ബി) & (സി) 38 കമ്പനികൾക്കാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുള്ളത്. പഞ്ചായത്ത് ഒരു കമ്പനിക്കും അനുമതി നിഷേധിച്ചിട്ടില്ല. |
| (സി) പ്രസ്തുത കമ്പനികൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ; | |
| (ഡി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്ക കമ്പനികൾ കമ്പനിയിലെ അവശിഷ്ടങ്ങൾ കോരയാർ പുഴയിലേക്ക് തള്ളുന്നതായും അതിനാൽ പുഴ മലിനമാകുന്ന എന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (ഡി) ഉണ്ട്.<br>ഇരുമ്പ്-ഉരുക്ക വ്യവസായങ്ങളിൽ നിന്ന് പുറന്തള്ളുന്ന സ്ളാഗ് പുഴയിലേക്ക് തള്ളുന്നത് സംബന്ധിച്ച പരാതിയിൽ പ്രസ്തുത സ്ളാഗ്, സിമന്റ് മില്ലുകളിലേക്ക് അസംസ്കൃത വസ്തുവായി ഉപയോഗിക്കുവാൻ നൽകണമെന്നും പുഴയുടെ സമീപപ്രദേശങ്ങളിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മതിയായ മലിനജല സംസ്കരണ സംവിധാനങ്ങളോടുകൂടിയ ടോയ്ലറ്റ് ഏർപ്പെടുത്തുവാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിച്ച പരാതിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ഇ) കഞ്ചിക്കോട് വ്യവസായ മേഖലയിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പഠനം നടത്തുമോ ; വിശദമാക്കാമോ ? | (ഇ) ഉണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ പരാതിയെ തുടർന്ന് 7.11.2007-ന് ഈ പ്രദേശത്തെ മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി മൂന്നംഗ സമിതി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കമ്മീഷൻ മുമ്പാകെ ടി പ്രദേശത്തെ വിവേകാനന്ദ കോളനിയിലെ നിവാസികൾ ഉന്നയിച്ച പ്രധാന പ്രശ്നം സ്റ്റീൽ യൂണിറ്റുകൾ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളായിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ടി കോളനിയിൽ നടത്തിയ സർവ്വെയിൽ ബ്ളഡ്പ്രഷർ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ത്വക്ക് സംബന്ധമായ രോഗങ്ങൾ, അലർജി, കിഡ്നിസ്റ്റോൺ മുതലായ രോഗങ്ങളുള്ള 27 പേരെ കണ്ടെത്തിയിരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ